ചാത്തന്നൂരിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

38 [635] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിരവധി സർക്കാർ ഓഫീസുകൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചാത്തന്നൂരിൽ ഒരു മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം അനിവാര്യമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

ദേശീയപാതകളുടെ വികസനത്തിനായുള്ള കേന്ദ്ര പദ്ധതികൾ

39 [636] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ദേശീയ പാതകളുടെ (എൻ. എച്ച് 17, 47, 49) വികസനത്തിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ; പ്രസ്തുത പദ്ധതികൾക്കായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) നാഷണൽ ഹൈവേകളുടെ ഏതൊക്കെ ഭാഗങ്ങളാണ് നാലുവരി പാതയായി വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് ;

(സി) ഇതിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി സുഗമമാക്കാൻ എന്തു സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) ദേശീയപാതകളുടെ വികസനം സമയബന്ധിതമായി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ വളരെയധികം സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന എക്സ്പ്രസ്സ് ഹൈവേ പദ്ധതി ഉപേക്ഷിക്കുന്നതിന് ഉള്ള തീരുമാനം കൈക്കൊള്ളുമോ ;

(ഇ) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഇപ്പോൾ നടത്തിവരുന്ന പഠനം നിർത്തിവയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) താഴെപ്പറയുന്ന ദേശീയപാതകൾ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നാലുവരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

1	എൻ. എച്ച്. 47 ചേർത്തല മുതൽ തിരുവനന്തപുരം വരെ	900 കോടി രൂപ
2	എൻ. എച്ച്. 17 ഇടപ്പള്ളി മുതൽ കോഴിക്കോട് വരെ	900 കോടി രൂപ
3	എൻ. എച്ച്. 17 കോഴിക്കോട് മുതൽ മംഗലാപുരം വരെ	1,150 കോടി രൂപ
4	തലശ്ശേരി മാഹി ബൈപാസ്, കോഴിക്കോട് ബൈപാസ്, ആലപ്പുഴ ബൈപാസ്, കൊല്ലം ബൈപാസ്, തിരുവനന്തപുരം നെയ്യാറ്റിൻകര ബൈപാസ്, തൃപ്പൂണിത്തുറ ബൈപാസ്, മുവാറ്റുപുഴ ബൈപാസ്, കോതമംഗലം ബൈപാസ്	103 കോടി രൂപ
	ആകെ	3,053 കോടി രൂപ

(സി) ദേശീയപാതകൾ നാലുവരിയാക്കുന്ന പദ്ധതി ഫാസ്റ്റ്ട്രാക്ക് പ്രോജക്ട് (എഫ്.റ്റി.പി) ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ഉന്നതതലത്തിൽ അവലോകനം ചെയ്യുന്നുണ്ട്.

(ഡി & ഇ) ആലോചിച്ചിട്ടില്ല.

കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്

40 [637] ശ്രീ. കെ. പി. രാജേന്ദ്രൻ :

,, എൻ. രാജൻ :

,, എം. കുമാരൻ :

,, പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ. എസ്. ടി. പി.) എന്നാണ് സംസ്ഥാനത്ത് ആരംഭിച്ചത്; പ്രസ്തുത പ്രോജക്ടിലുൾപ്പെടുത്തി സംസ്ഥാനത്ത് എത്ര കിലോമീറ്റർ റോഡുകളുടെ പണി ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly